**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 764** **10-02-2025 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡ് ഭരണ സമിതികളുടെ കാലാവധി ഏകീകരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡ് ഭരണ സമിതികളുടെ നിലവിലെ കാലാവധി എത്രയാണെന്നും പ്രസ്തുത കാലാവധി നീട്ടുന്നത് സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ; | (എ) | ട്രാവൻകൂർ-കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിട്യൂഷൻസ് Act & Rules, 1950 - Section 10 പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡ് മെമ്പറുടെ കാലാവധി 2 വർഷവും, Section 70 പ്രകാരം കൊച്ചിൻ ദേവസ്വം ബോർഡ് മെമ്പറുടെ കാലാവധി 2 വർഷവുമാണ്. കൂടൽമാണിക്യം ദേവസ്വം ആക്ട്, 2005 - Section 5 പ്രകാരം കൂടൽമാണിക്യം ദേവസ്വം മാനേജിംഗ് കമ്മിറ്റിയിലെ നോമിനേറ്റഡ് മെമ്പറുടെ കാലാവധി 3 വർഷവും, മദ്രാസ് ഹിന്ദു റിലീജിയസ് & ചാരിറ്റബിൾ എൻഡോവ്മെന്റ്സ് ആക്ട്, 1951, Section 7A പ്രകാരം മലബാർ ദേവസ്വം ബോർഡ് മെമ്പറുടെ കാലാവധി 2 വർഷവും, ഗുരുവായൂർ ദേവസ്വം ആക്ട്, 1978 - Section 5 പ്രകാരം ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റിയിലെ നോമിനേറ്റഡ് മെമ്പറുടെ കാലാവധി 2 വർഷവുമാണ്.<br><br>ഭരണ സമിതികളുടെ കാലാവധി നീട്ടുന്നത് നിലവിൽ പരിഗണനയിലില്ല. |
| (ബി) | ഭരണ സമിതികളുടെ കാലാവധി കുറയുന്നത് വികസന പ്രവർത്തനങ്ങൾക്കും പദ്ധതികളുടെ ആവിഷ്കരണത്തിലും തടസ്സമാകുന്നത് കണക്കിലെടുത്ത് കാലാവധി ഏകീകരിച്ച് ഉത്തരവാകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ